**മധുരമായ കുട്ടികളേ - ഓർമ്മയിലിരുന്ന് ഭക്ഷണമുണ്ടാക്കൂ എങ്കിൽ കഴിക്കുന്നവരുടെ ഹൃദയം ശുദ്ധമാകും, നിങ്ങൾ ബ്രാഹ്മണരുടെ ഭക്ഷണം വളരെയധികം ശുദ്ധമായിരിക്കണം**

**ചോദ്യം:-** സത്യയുഗത്തിൽ നിങ്ങളുടെ വാതിൽക്കൽ ഒരിക്കലും കാലൻ വരുന്നില്ല - എന്തുകൊണ്ട്?
**ഉത്തരം:-** എന്തുകൊണ്ടെന്നാൽ സംഗമത്തിൽ നിങ്ങൾ കുട്ടികൾ ബാബയിലൂടെ ജീവിച്ചിരിക്കെ മരിക്കാൻ പഠിച്ചിട്ടുണ്ട്. ആരാണോ ഇപ്പോൾ ജീവിച്ചിരിക്കെ മരിക്കുന്നത് അവരുടെ വാതിൽക്കൽ ഒരിക്കലും കാലന് വരാൻ സാധിക്കില്ല. നിങ്ങൾ ഇവിടെ മരിക്കാൻ പഠിക്കുന്നതിന് വന്നിരിക്കുന്നു. സത്യയുഗമാണ് അമരലോകം, അവിടെ കാലൻ ആരെയും വിഴുങ്ങുന്നില്ല. രാവണ രാജ്യമാണ് മൃത്യുലോകം, അതുകൊണ്ടാണ് ഇവിടെ എല്ലാവരുടെയും അകാല മൃത്യു ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

**ഓം ശാന്തി**. മധുര-മധുരമായ കുട്ടികൾ പ്രദർശിനി കണ്ടാണ് വരുന്നതെങ്കിൽ ബുദ്ധിയിൽ അത് തന്നെയായിരിക്കണം ഓർമ്മ ഉണ്ടായിരിക്കേണ്ടത്. നമ്മൾ എങ്ങനെയുള്ള ശൂദ്രരായിരുന്നു, ഇപ്പോൾ ബ്രാഹ്മണനായിരിക്കുന്നു പിന്നീട് ദേവതാ സൂര്യവംശീ-ചന്ദ്രവംശീയാകും. ഈ സംഗമയുഗീ മോഡൽ പ്രദർശനിയിൽ വയ്ക്കണം. കലിയുഗത്തിന്റെയും സത്യയുഗത്തിന്റെയും ഇടയിലുള്ള ഇതാണ് സംഗമയുഗം. അതുകൊണ്ട് സംഗമയുഗീ മോഡൽ ഇടയിൽ ഉണ്ടായിരിക്കണം, അതിൽ 15-20 വെള്ള വസ്ത്രധാരികളെ തപസ്യയിൽ ഇരുത്തണം. ഏതുപോലെയാണോ സൂര്യവംശിയെ കാണിക്കുന്നത് അതുപോലെ ചന്ദ്രവംശിയെയും കാണിക്കേണ്ടതായുണ്ട്. ഇവരാണ് തപസ്യ ചെയ്ത് ഇങ്ങനെയാകുന്നത് എന്നു മനുഷ്യർക്കു മനസിലാകുന്ന പോലെ ഉണ്ടാക്കണം. ഏതുപോലെയാണോ നിങ്ങളുടെ തുടക്കത്തിലെ ചിത്രവുമുള്ളത്. സാധാരണ തപസ്യയുടെ ചിത്രവും ഭാവി രാജ്യപദവിയുടെ ചിത്രവും. അതുപോലെ ഇതും ഉണ്ടാക്കണം. അപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും ഇവരാണ് അതായി മാറുന്നത്. കാണിക്കുന്നതും കൃത്യമായിരിക്കണം. നമ്മൾ ബ്രഹ്മാകുമാരൻമാരും-കുമാരിമാരും രാജയോഗം പഠിച്ച് ഇങ്ങനെയാകുന്നു. അപ്പോൾ സംഗമയുഗവും തീർച്ചയായും കാണിക്കേണ്ടതായുണ്ട്. നിങ്ങൾ കുട്ടികൾ കണ്ടിട്ട് വരികയാണെങ്കിൽ മുഴുവൻ ദിവസവും ആ ജ്ഞാനം നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം, അപ്പോഴേ ജ്ഞാനസാഗരന്റെ കുട്ടികളായ നിങ്ങളെ മാസ്റ്റർ ജ്ഞാനസാഗരനെന്ന് പറയാൻ സാധിക്കൂ. അഥവാ ജ്ഞാനം തന്നെ ബുദ്ധിയിലില്ലെങ്കിൽ ജ്ഞാന സാഗരനെന്ന് ഒരിക്കലും പറയില്ല. മുഴുവൻ ദിവസവും ബുദ്ധി ഇതിൽ തന്നെ മുഴുകിയിരിക്കുകയാണെങ്കിൽ പിന്നീട് ബന്ധനവും മുറിയും. നമ്മൾ ഇപ്പോൾ ബ്രാഹ്മണരാണ് പിന്നീട് ദേവതയാകുന്നു. അഥവാ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ ക്ഷത്രിയ കുലത്തിലേക്ക് പോകും. വൈകുണ്ഠം കാണാൻ പോലും സാധിക്കില്ല. മുഖ്യമായുള്ളത് വൈകുണ്ഠം തന്നെയാണ്. ലോകാത്ഭുതമെന്ന് വൈകുണ്ഠത്തെ തന്നെയാണ് പറയുന്നത്, അതുകൊണ്ട് പുരുഷാർത്ഥം ചെയ്യണം. നിങ്ങളുടെ രണ്ട് ചിത്രവും ഉണ്ടായിരിക്കണം. ആ നിറപ്പകിട്ടാർന്ന അഥവാ ആഭരണങ്ങൾ മുതലായവയാൽ അലങ്കരിക്കപ്പെട്ടതും പിന്നെ ആ തപസ്യയുടെയും. അപ്പോൾ അവർ മനസ്സിലാക്കും ഇവരാണ് സൂക്ഷ്മവതനത്തിൽ ഇരിക്കുന്നത്. വസ്ത്രം അത് മാറാൻ സാധിക്കും, എന്നാൽ വിശേഷതകൾ മാറാൻ സാധിക്കില്ല. അതാണ് അപവിത്ര പ്രവർത്തീമാർഗ്ഗം, ഇത് പവിത്ര പ്രവർത്തീമാർഗ്ഗം, ഇതിലൂടെ മനസ്സിലാകണം ഇത് സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ തന്നെ പിന്നീട് അതാകുന്നു. ആര് പരിശ്രമം ചെയ്യുന്നോ അവർ നേടും. ബ്രാഹ്മണനാകുന്നവർ അനേകമില്ലേ. ഈ സമയം നിങ്ങൾ കുറച്ച് പേരാണ് ഉള്ളത്. ദിനം-പ്രതിദിനം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. മുഴുവൻ സൃഷ്ടി ചക്രവും എങ്ങനെയാണ് കറങ്ങുന്നത്, ബുദ്ധിയിലുണ്ട് - നമ്മൾ തപസ്യ ചെയ്തുകൊണ്ടിരിക്കുകയാണ് പിന്നീട് ഇതായിമാറും. ഇതിനെ തന്നെയാണ് പറയുന്നത് സ്വദർശ്ശന ചക്രധാരിയായിരിക്കുക എന്തുകൊണ്ടെന്നാൽ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. നമ്മൾ എന്തായിരുന്നു, ഇപ്പോൾ വീണ്ടും എന്താകുന്നു. വിദ്യാർത്ഥി ടീച്ചറെ തീർച്ചയായും ഓർമ്മിക്കും. നിങ്ങൾക്കും ബാബയെ ഓർമ്മിക്കണം. ഓർമ്മയുടെ യാത്രയിലൂടെ മാത്രമാണ് പാപം മുറിയുന്നത്. ആത്മാവ് പവിത്രമായി മാറുന്നു പിന്നീട് ശരീരവും പവിത്രമായത് ലഭിക്കുന്നു. ആരാണോ ശൂദ്രനിൽ നിന്ന് ബ്രാഹ്മണനാകുന്നത് അവരാണ് പിന്നീട് ദേവതയാകുന്നത്. ഇതിന്റെ എത്ര വലിയ മോഡലുണ്ടോ, നല്ലതാണ് എന്തുകൊണ്ടെന്നാൽ എഴുതേണ്ടതായും ഉണ്ട്-സംഗമയുഗീ പുരുഷോത്തമരാകുന്ന ബ്രാഹ്മണർ. ഇപ്പോൾ നിങ്ങളെ ബാബയിരുന്ന് പഠിപ്പിക്കുന്നു. മുകളിൽ നിങ്ങളെ പഠിപ്പിക്കുന്ന ശിവബാബയുടെയും ചിത്രമുണ്ട്. നിങ്ങൾ ഇതായി മാറുന്നു. ഈ ബ്രഹ്മാവും നിങ്ങളുടെ കൂടെയുണ്ട്. അദ്ദേഹവും വെളുത്ത വസ്ത്രധാരിയായ വിദ്യാർത്ഥിയാണ്. മനുഷ്യരാണെങ്കിൽ രാമരാജ്യത്തെ പോലും അംഗീകരിക്കുന്നില്ല, മഹിമയുണ്ട് രാമരാജാവ്, രാമപ്രജ. സത്യയുഗത്തിലാണെങ്കിൽ

ധർമ്മ രാജ്യം തന്നെയാണ്. ശേഷം ത്രേതായിൽ ക്ഷത്രിയരുടെ ഗ്ലാനി ചെയ്തു. സൂര്യവംശിയുടെ ഗ്ലാനി ചെയ്തിട്ടില്ല. അതുകൊണ്ട് ഇതും എഴുതണം. രാമ രാജാ, രാമ പ്രജ....ധർമ്മത്തിന്റെ ഉപകാരമാണ്. അതാണെങ്കിൽ സെമി സ്വർഗ്ഗമാണ്, എന്തുകൊണ്ടെന്നാൽ 14 കലയല്ലേ. അവിടെ ഇങ്ങനെയുള്ള ഗ്ലാനിയുടെ കാര്യങ്ങൾ ഉണ്ടാകുന്നില്ല. അവർക്ക് വ്യക്തമാക്കി കൊടുക്കൂ. നമ്മൾ നമുക്കായി സ്വരാജ്യം സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. നമ്മൾ എന്തായിക്കൊണ്ടിരിക്കുകയാണെന്ന്. ഏവരും യാചിക്കുന്ന വിശ്വത്തിലെ ശാന്തിയുടെ ഒരു സ്വരാജ്യം അത് ഞങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

ബാബ പ്രദർശിനി മുതലായവ കാണുകയാണെങ്കിൽ ചിന്ത നടന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾ വീട്ടിലേക്ക് പോയാൽ പിന്നീട് ഈ എല്ലാ കാര്യങ്ങളും മറക്കും. എന്നാൽ ഇതെല്ലാം ബുദ്ധിയിൽ ഓർമ്മ വയ്ക്കണം. പ്രദർശിനിയിൽ നിന്ന് പുറത്തേക്കിറങ്ങുന്നതോടെ എല്ലാം അവസാനിക്കരുത്. നല്ല-നല്ല പുരുഷാർത്ഥി കുട്ടികൾ ആരാണോ അവരുടെ ബുദ്ധിയിൽ അലയടിക്കണം. ബാബയ്ക്ക് അലയടിച്ചുകൊണ്ടിരിക്കുന്നില്ലേ. ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ടായിരിക്കുകയാണെങ്കിൽ ബാബയുടെ ഓർമ്മയും ഉണ്ടായിരിക്കും. ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കും. അഥവാ സതോപ്രധാനമായില്ലെങ്കിൽ പിന്നീട് സത്യയുഗത്തിലേക്കും പോകില്ല, അതുകൊണ്ട് സ്വയത്തെ ഓർമ്മയുടെ യാത്രയിൽ പക്കയാക്കി വയ്ക്കണം. നിങ്ങൾ രാജയോഗിയാണ്. നിങ്ങൾക്ക് വലിയ ജടകളുണ്ട്. മുഴുവൻ മഹിമയും നിങ്ങൾ മാതാക്കളുടേതാണ്. ജടകളും നാച്വറലാണ്. രാജയോഗിയും യോഗിനിയും ഇത് സത്യം-സത്യമായ തപസ്യയുടെ മാതൃക കാണിക്കുകയാണ്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ പറയുന്നു ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളെയും ഉപേക്ഷിച്ച് സ്വയത്തെ ആത്മാവെന്ന് നിശ്ചയിക്കൂ. ബാക്കി ദേഹത്തിന്റെ സംബന്ധങ്ങൾ മുതലായവയും മറക്കൂ. ഒരു ബാബയെ ഓർമ്മിക്കൂ. ബാബ നിങ്ങളെ വളരെ ധനവാനാക്കുന്നു. ജീവിച്ചിരിക്കെ മരിക്കൂ. ബാബ വന്ന് ജീവിച്ചിരിക്കെ മരിക്കാൻ പഠിപ്പിക്കുന്നു. ബാബ പറയുന്നു ഞാൻ കാലൻമാരുടെയും കാലനാണ്, നിങ്ങളെ ഇങ്ങനെ മരിക്കാൻ പഠിപ്പിക്കുന്നു അതിലൂടെ ഒരിക്കലും നിങ്ങളുടെ വാതിൽക്കൽ കാലന് വരാൻ സാധിക്കില്ല. അവിടെ രാവണ രാജ്യം തന്നെയില്ല. സത്യയുഗത്തിൽ ഒരിക്കലും കാലൻ വിഴുങ്ങുന്നില്ല, അതിനെ അമരപുരി എന്നാണ് പറയുന്നത്. ബാബ നിങ്ങളെ അമരപുരിയുടെ അധികാരിയാക്കുന്നു. ഇതാണ് മൃത്യുലോകം. അതാണ് അമരപുരി. ഇതാണ് രാജയോഗം. നിങ്ങൾ എഴുതൂ പ്രാചീന ഭാരതത്തിന്റെ രാജയോഗം വീണ്ടും പഠിപ്പിക്കുന്നു. ആരാണോ പ്രദർശിനി മുതലായവ കാണുന്നത് അവർക്ക് അതിൻമേൽ ചിന്തയുണ്ടാകണം- ഇതിൽ ഇനിയുമെന്ത് ചെയ്യാം മനുഷ്യർക്ക് കൃത്യമായി മനസ്സിലാകുന്നതിന്. ഇതിൽ പ്രായോഗിക ജ്ഞാനം വളരെ നല്ലതാണ്. ഏതുപോലെയാണോ രാജാവും റാണിയും അതുപോലെ പ്രജകളും അത് ഇതിൽ തന്നെയാണ് വരുന്നത്. ബാബ എത്ര വ്യക്തമാക്കിയാണ് മനസ്സിലാക്കി തരുന്നത്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഈ അടിസ്ഥാന കാര്യം വേരുറയ്ക്കണം. വിശ്വത്തിൽ പവിത്രത, സുഖം, ശാന്തി എങ്ങനെയാണ് സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്, വന്ന് മനസ്സിലാക്കൂ. നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെയാണ് ചെയ്യുന്നത്. എത്രത്തോളം പരിശ്രമിക്കുന്നോ അത്രത്തോളം പദവി ലഭിക്കുന്നു. അതും നമ്പർ വൈസാണ്. ഇതും കാണിക്കൂ നമ്പർവൈസായി എങ്ങനെ-എങ്ങനെയാണ് മാറുന്നത്. പ്രജയെയും കാണിക്കൂ, അപ്പോൾ ധനവാനായ പ്രജ, രണ്ടാം തരം പ്രജ, മൂന്നാം തരം പ്രജയെയും കാണിക്കൂ. ഇങ്ങനെ കൃത്യമായുണ്ടാക്കൂ അതിലൂടെ നല്ലരീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കണം. പരിശ്രമം അത് ചെയ്യുക തന്നെ വേണം. സമയം ബാക്കി കുറച്ചാണുള്ളത്. ജ്ഞാനം നിങ്ങൾക്ക് തന്നെയുള്ളതാണ്. നിങ്ങൾ പ്രദർശിനിയിൽ ഇങ്ങനെ മനസ്സിലാക്കി കൊടുക്കൂ അതിലൂടെ മനുഷ്യർ മനസ്സിലാക്കണം നമുക്ക് ഒരു ബാബയെ മാത്രമാണ് ഓർമ്മിക്കേണ്ടത് അപ്പോൾ മാത്രമാണ് ഇങ്ങനെയാകാൻ സാധിക്കുന്നത്. അല്ലെങ്കിൽ പിന്നീട് ഭക്തി മാർഗ്ഗത്തിലേക്ക് വരും.

നിങ്ങൾ മഹാരഥി കുട്ടികളാണെങ്കിൽ നിങ്ങളുടെ ബുദ്ധി പ്രവർത്തിക്കുന്നു. പുരുഷൻമാരും നല്ല-നല്ലവരുണ്ട്. നമ്പർ വൺ, മാഗസിനുണ്ടാക്കുന്ന ജഗദീഷാണ് ബൃജ്മോഹനും എഴുതുന്നതിനുള്ള നല്ല താത്പര്യമുണ്ട്. ഒരുപക്ഷേ മൂന്നാമതും ആരെങ്കിലുമൊക്കെ വരും. ദിനം-പ്രതിദിനം നിങ്ങൾ ഓരോ കാര്യങ്ങളും വ്യക്തമാക്കി മുന്നോട്ട് പോകും. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്, ആ പരമ ആത്മാവിൽ ജ്ഞാനം നിറഞ്ഞിരിക്കുകയല്ലേ. ഏതുപോലെയാണോ പാട്ട് കേൾക്കുന്നത്. മുഴുവൻ റിക്കാർഡും നിറഞ്ഞിരിക്കുന്നു. ഇതും അങ്ങനെയാണ്. ബാബയുടെ അടുത്ത് എന്ത് സമ്പത്താണോ ഉള്ളത് അത് ലഭിച്ചുകൊണ്ടിരിക്കും- ഡ്രാമയനുസരിച്ച്. ഇത് കുട്ടികളുടെ ബുദ്ധിയിൽ പ്രവർത്തിക്കണം. ഇനി ജോലി എന്തും ചെയ്തോളൂ, കൈകൊണ്ട് ഭക്ഷണമുണ്ടാക്കിക്കോളൂ, ബുദ്ധി ശിവബാബയുടെ അടുത്തായിരിക്കണം. ബ്രഹ്മാ ഭോജനവും പവിത്രമായിരിക്കണം. ബ്രഹ്മാഭോജനം അത് തന്നെയാണ് ബ്രാഹ്മണരുടെ ഭോജനം. ബ്രാഹ്മണർ എത്രത്തോളം യോഗത്തിലിരുന്ന് ഉണ്ടാക്കുന്നോ, അത്രത്തോളം ആ ഭക്ഷണത്തിൽ ശക്തി വരുന്നു. മഹി

മയുണ്ട് ദേവതകൾ പോലും ബ്രഹ്മാ ഭോജനത്തിന്റെ വളരെ മഹിമ പാടുന്നു, അതിലൂടെ ഹൃദയം ശുദ്ധമാകുന്നുവെങ്കിൽ ബ്രാഹ്മണരും അങ്ങനെയായിരിക്കണം. ഇപ്പോൾ അങ്ങനെയില്ല. ഇപ്പോൾ അഥവാ അങ്ങനെ ആകുകയാണെങ്കിൽ നിങ്ങളുടെ വളരെ അഭിവൃദ്ധി ഉണ്ടാകും. എന്നാൽ ഡ്രാമയനുസരിച്ച് പതുക്കെ -പതുക്കെ അഭിവൃദ്ധി പ്രാപിക്കണം. ഇങ്ങനെയുള്ള ബ്രാഹ്മണരും വരും അവർ പറയും ഞങ്ങൾ ബാബയുടെ ഓർമ്മയിലിരുന്നാണ് ഭക്ഷണമുണ്ടാക്കുന്നത്. ബാബ വെല്ലുവിളി നൽകുന്നില്ലേ. ഇങ്ങനെയുള്ള ബ്രാഹ്മണരായിരിക്കണം അവർ ഓർമ്മയിലിരുന്ന് ഭക്ഷണമുണ്ടാക്കണം. ഭക്ഷണം പവിത്രമായിരിക്കണം. ഭക്ഷണത്തിൽ വളരെ മഹത്വമുണ്ട്. പുറത്ത് നിന്ന് കുട്ടികൾക്ക് ലഭിക്കുന്നില്ല അതുകൊണ്ട് ഇവിടെ വരുന്നു. കുട്ടികൾ ഭക്ഷണത്തിലൂടെയും റിഫ്രഷാകുന്നു. യോഗികളായവർ ജ്ഞാനികളുമായിരിക്കും അതുകൊണ്ട് അവരെ സേവനത്തിനും അയക്കുന്നു. വളരെ പേരാകുകയാണെങ്കിൽ പിന്നീട് ഇവിടെയും ഇങ്ങനെയുള്ളവരെ വയ്ക്കും. അല്ല എങ്കിൽ മഹാരഥികൾ തന്നെയായിരിക്കണം ഭക്ഷണശാലയിൽ, അവർ യോഗയുക്തമായി ഭക്ഷണമുണ്ടാക്കും. ദേവതകൾ പോലും മനസ്സിലാക്കുന്നു ഞങ്ങൾ ബ്രഹ്മാ ഭോജനം കഴിച്ചാണ് ദേവതയായത്. അതുകൊണ്ടാണ് വളരെ രുചിയോടെ നിങ്ങളെ കാണുന്നതിന് വേണ്ടി വരുന്നത്. എങ്ങനെയാണ് നിങ്ങളുമായി ചേരുന്നത്, ഇതും ഡ്രാമയിലെ യുക്തിയാണ്. സൂക്ഷ്മവതനത്തിൽ അവരും ഇദ്ദേഹവും കണ്ടുമുട്ടുന്നു. ഇതും അദ്ഭുതകരമായ സാക്ഷാത്ക്കാരമാണ്. അദ്ഭുതകരമായ ജ്ഞാനമല്ലേ. അതുകൊണ്ട് സാക്ഷാത്ക്കാരവും അദ്ഭുതകരമാണ്-അർത്ഥ സഹിതമാണ്. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ സാക്ഷാത്ക്കാരം വളരെ പ്രയാസപ്പെട്ടാണ് ഉണ്ടാകുന്നത്. കഠിനമായ ഭക്തി ചെയ്യുന്നു, കേവലം സാക്ഷാത്ക്കാരത്തിന് വേണ്ടി. മനസ്സിലാക്കുന്നു സാക്ഷാത്ക്കാരം ഉണ്ടാകുകയാണെങ്കിൽ നമ്മൾ മുക്തമാകും.അവർക്ക് ഇത് അറിയുകയേ ഇല്ല അതായത് അവർ പഠിത്തത്തിലൂടെയാണ് ഇങ്ങനെയായത്. ഈ സൂര്യവംശിയും-ചന്ദ്രവംശിയും പഠിത്തത്തിലൂടെയാണ് ഉണ്ടായത്. ബാക്കി എന്തെല്ലാം അനേക ചിത്രങ്ങളാണോ ഉണ്ടാക്കിയിട്ടുള്ളത്, ഇങ്ങനെ ഒന്നും തന്നെയില്ല, ഇതെല്ലാം ഭക്തി മാർഗ്ഗത്തിന്റെ വിസ്താരമാണ്. വളരെ വലിയ ജോലിയാണ്. ഇപ്പോൾ ജ്ഞാനത്തിന്റെയും ഭക്തിയുടെയും രഹസ്യം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. ഇത് ബാബ തന്നെയാണ് ഇരുന്ന് മനസ്സിലാക്കി തരുന്നത്, അതാണ് ആത്മീയ പിതാവ്, ജ്ഞാനത്തിന്റെ സാഗരൻ. കൽപ-കൽപം പഴയ ലോകത്തെ പുതിയതാക്കുക, രാജയോഗം പഠിപ്പിക്കുക ഇത് ബാബയുടെ മാത്രം കർത്തവ്യമാണ്. എന്നാൽ കേവലം ഗീതയിൽ പേര് മാറ്റി. ബാബ മനസ്സിലാക്കി തരുന്നു ഇതും കൽപ-കൽപത്തെ കളിയാണ്. നമ്മൾ വീട്ടിൽ നിന്ന് ഇവിടെ വരുന്നു പാർട്ടഭിനയിക്കുന്നതിന്. വൃക്ഷത്തിലേക്കും ബുദ്ധി പോകണം, എങ്ങനെ ആർക്കെങ്കിലും മനസ്സിലാക്കികൊടുക്കാം. നമ്മളോട് പറയുന്നു എന്താ ഞങ്ങൾ സ്വർഗ്ഗത്തിലേക്ക് വരില്ലേ. പറയൂ, നിങ്ങളുടെ ധർമ്മ സ്ഥാപകർ സ്വർഗ്ഗത്തിലേക്ക് വരുന്നേയില്ല. അവരെപ്പോഴാണോ സ്വർഗ്ഗത്തിലേക്ക് വരുന്നത് അപ്പോൾ നിങ്ങളും വരൂ. ഓരോ ധർമ്മത്തിനും അവരവരുടെ സമയത്തിലാണ് പാർട്ടുള്ളത്. ഈ വൈവിധ്യമാർന്ന ധർമ്മങ്ങളുടെ നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. ഉണ്ടായതും ഉണ്ടാക്കപെട്ടതുമായ കളിയാണ്. ഇതിൽ ഒന്നും പറയേണ്ട പോലും ആവശ്യമില്ല. മുഖ്യമായ ധർമ്മങ്ങൾ കാണിച്ചിരിക്കുന്നു. ഇത് കുട്ടികൾക്കറിയാം. ഈ ചിത്രങ്ങൾ മുതലായവയും ഒന്നും പുതിയതല്ല. കൽപ-കൽപം ഇത് ഇതുപോലെ തന്നെ നടന്ന് വരും. വിഘ്നവും അനേക പ്രകാരത്തിലുള്ളത് ഉണ്ടാകുന്നുണ്ട്. അടി, ബുദ്ധിമുട്ടിക്കൽ തുടങ്ങിയ വിഘ്നങ്ങളും ഉണ്ടാകുന്നില്ലേ. കുട്ടികൾക്ക് എത്ര യുക്തിയോടെയാണ് മനസ്സിലാക്കി തരുന്നത്. പറയൂ, ഭഗവാനുവാചയല്ലേ-കാമം മഹാശത്രുവാണ്. ഇപ്പോഴാണെങ്കിൽ ഈ കലിയുഗം നശിക്കണം. ദേവതാ ധർമ്മം സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് അതുകൊണ്ടാണ് ബാബ പറയുന്നത് - കുട്ടികളെ പവിത്രമാകൂ. കാമത്തെ ജയിക്കൂ. ഇതിൽ തന്നെയാണ് ലഹള ഉണ്ടാകുന്നത്. നിങ്ങൾ വലിയ-വലിയ ആളുകൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. ഗവർണ്ണറുടെ പേര് കേട്ട് എല്ലാവരും വരും അതുകൊണ്ടാണ് യുക്തി രചിക്കുന്നത്. അതിലും ആരെങ്കിലും നല്ല രീതിയിൽ മനസ്സിലാക്കും ഇത് സാധ്യമാണ്. വലിയവരുടെ പേര് കേട്ട് വളരെ പേർ വരും. ചില വലിയവർ പോലും വരും ഇത് സാധ്യമാണ്. കാര്യം വളരെ പ്രയാസമുള്ളതാണ്. ബാബ എത്രയാണ്എഴുതുന്നത്- കുട്ടികളേ ആരെക്കൊണ്ടാണോ ഉദ്ഘാടനം ചെയ്യിക്കുന്നത് അവർക്ക് ആദ്യം മനസ്സിലാക്കി കൊടുക്കൂ അതായത് തീർച്ചയായും ഇങ്ങനെ മനുഷ്യനിൽ നിന്ന് ദേവതയാകാൻ സാധിക്കും. വിശ്വത്തിൽ ശാന്തി സാധ്യമാകും. സ്വർഗ്ഗത്തിൽ മാത്രമായിരുന്നു വിശ്വത്തിൽ ശാന്തിയയും, സുഖവും ഉണ്ടായിരുന്നത്. ഇങ്ങനെ-ഇങ്ങനെ പ്രഭാഷണം ചെയ്യൂ, അതുപോലെ പത്രത്തിലിടൂ, എങ്കിൽ പിന്നീട് നിങ്ങളുടെ അടുത്തേക്ക് ഇത്രയും അധികം പേർ വരാൻ തുടങ്ങും നിങ്ങളെ ഉറങ്ങാൻ പോലും അനുവദിക്കില്ല. ഉറക്കം വിടേണ്ടി വരും. സേവനത്തിലൂടെ, യോഗത്തിലൂടെ ശക്തിയും വരുന്നു എന്തുകൊണ്ടെന്നാൽ നിങ്ങളുടെ സമ്പാദ്യം ഉണ്ടാകുന്നു. സമ്പാദിക്കുന്നവർക്ക് ഒരിക്കലും കോട്ടുവാ വരില്ല. ഉറക്കം വരില്ല. സമ്പാദ്യം കൊണ്ട് വയറ് നിറഞ്ഞാൽ പിന്നീട് ഉറക്കം വരില്ല. സാധാരണ പോലെയാകുന്നു. നിങ്ങളും വളരെ വലിയ സമ്പാദ്യമാണ് ചെയ്യുന്നത്. കോട്ടുവാ നഷ്ടമുണ്ടാക്കുന്ന കണക്കാണ്. ആരാണോ നല്ല രീതിയിൽ മനസ്സിലാക്കുന്നത്, ഓർമ്മയിലിരിക്കുന്നത് അവർക്ക് കോട്ടുവാ വരില്ല. അഥവാ മിത്ര സംബന്ധികൾ മുതലായവരെ ഓർമ്മ വരികയാണെ

ങ്കിൽ കോട്ടുവാ വന്നുകൊണ്ടിരിക്കും. ഇത് അടയാളങ്ങളാണ്. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് കോട്ടുവാ മുതലായവ ഒരിക്കലും വരികയേയില്ല. ബാബയുടെ സമ്പത്ത് നേടി അതുകൊണ്ട് അവിടെ ഉറക്കം, എഴുന്നേൽക്കൽ, ഇരിക്കൽ നിയമമനുസരിച്ച് നടക്കുന്നു. കൃത്യം, ആത്മാവ് ലിവറാകുന്നു(ദണ്ഢ്). ഇപ്പോൾ സിലിണ്ടറായിരിക്കുന്നു(പൊള്ള) , അതിനെ ലിവറാക്കണം. ചിലരെ ആക്കാൻ സാധിക്കും, ചിലരെ ആക്കാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബന്ധനമുക്തമാകുന്നതിന് അഥവാ തന്റെ ഉന്നതി ചെയ്യുനന്നതിന് വേണ്ടി ബുദ്ധി ജ്ഞാനത്താൽ സദാ നിറച്ചുവയ്ക്കണം. മാസ്റ്റർ ജ്ഞാന സാഗരനായി, സ്വദർശന ചക്രധാരിയായി ഓർമ്മയിലിരിക്കണം.

2) നിദ്രയെ ജയിച്ചവരായി മാറി ഓർമ്മയുടെയും സേവയുടെയും ശക്തി ശേഖരിക്കണം. സമ്പാദ്യത്തിൽ ഒരിക്കലും ആലസ്യം കാണിക്കരുത്. കോട്ടുവായിടരുത്.

## വരദാനം:- വിശ്വത്തിൽ ഈശ്വരീയ പരിവാരത്തിന്റെ സ്നേഹത്തിന്റെ വിത്ത് വിതയ്ക്കുന്ന വിശ്വ സേവാധാരിയായി ഭവിക്കൂ

താങ്കൾ വിശ്വ സേവാധാരി കുട്ടികൾ വിശ്വത്തിൽ ഈശ്വരീയ പരിവാരത്തിന്റെ സ്നേഹത്തിന്റെ വിത്ത് വിതച്ചുകൊണ്ടിരിക്കുന്നു. അത് നാസ്തികനാകട്ടെ, ആസ്തികനാകട്ടെ.... എല്ലാവർക്കും അലൗകികം അല്ലെങ്കിൽ ഈശ്വരീയ സ്നേഹത്തിന്റെ, നിസ്വാർത്ഥ സ്നേഹത്തിന്റെ അനുഭൂതി ചെയ്യിക്കുന്നത് തന്നെയാണ് വിത്ത് വിതയ്ക്കൽ. ഈ വിത്ത് സഹയോഗിയാകുന്നതിന്റെ വൃക്ഷം സ്വതവേ തന്നെ വളർത്തി സമയത്ത് സഹയോഗിയാകുന്നതിന്റെ ഫലം നൽകുന്നു. ചില ഫലം പെട്ടന്ന് വരുന്നു, ചില ഫലം സമയമനുസരിച്ച് വരുന്നു അത്രമാത്രം.

## സ്ലോഗൻ:- ഭാഗ്യവിധാതാവായ ബാബയെ അറിഞ്ഞ്, തിരിച്ചറിഞ്ഞ് അവരുടെ നേരിട്ടുള്ള സന്താനമാകുക ഇത് ഏറ്റവും വലിയ ഭാഗ്യമാണ്.